"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക്, അവരുടെ സേവനകാലയളവ് 15 വർഷം പൂർത്തീകരിയ്ക്കുമ്പോൾ **Special Grade.II** , 22വർഷം പൂർത്തീകരിക്കുമ്പോൾ **Special Grade-I**, 27 വർഷം പൂർത്തീകരിയ്ക്കുമ്പോൾ **Sr. Special Grade** എന്ന രീതിയിൽ മൂന്നു പുതിയ ഹയർ ഗ്രേഡുകൾ കൂടി അനുവദിച്ചു കമ്പനിയുടെ പ്രൊമോഷൻ പോളിസി ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മൃഗസംരക്ഷണ (എഫ് ) വകുപ്പ്**

സ.ഉ.(കൈ) നം.5/2026/AHD തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:-

1. 28.02.2006 തീയതിയിലെ G.O(Ms).14/06/AD നമ്പർ സർക്കാർ ഉത്തരവ്
2. 10.02.2021 തീയതിയിലെ സ.ഉ(പി).27/2021/ധന നമ്പർ സർക്കാർ ഉത്തരവ്
3. 19.01.2021 തീയതിയിലെ സ. ഉ (കൈ) നം:40/2021/എ.എച്ച്.ഡി നമ്പർ സർക്കാർ ഉത്തരവ്
4. 23.06.2023, 02.12.2023, 21.11.2024 തീയതികളിലെ കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ KFL/543/99/L260/SRO/24 നമ്പർ കത്തുകൾ

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ പോളിസി സംബന്ധിച്ചുള്ള മാർഗനിർദേശങ്ങൾ പരാമർശങ്ങൾ (1) ഉം (3)ഉം സർക്കാർ ഉത്തരവുകൾ പ്രകാരമാണ്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് കമ്പനിയിലെ അവരുടെ സേവനകാലയളവ് 5 വർഷം പൂർത്തീകരിക്കുമ്പോഴും , 10 വർഷം പൂർത്തീകരിക്കുമ്പോഴും ഓരോ ഗ്രേഡുകൾ വീതം എന്ന കണക്കിൽ

മൊത്തം രണ്ടു ഗ്രേഡുകൾക്കു മാത്രമേ നിലവിൽ അർഹതയുള്ളൂ. 10 വർഷ സേവനത്തിനു ശേഷമുള്ള വർഷങ്ങളിൽ അവർക്കു വാർഷിക ഇൻക്രിമെന്റുകൾ നൽകുവാൻ മാത്രമേ പരാമർശം (3) പ്രകാരം നിലവിൽ വ്യവസ്ഥയുള്ളൂ. 15 വർഷത്തിന് ശേഷം അവർക്കു സ്ഥാനക്കയറ്റം നൽകാനും ടി സർക്കാർ ഉത്തരവുകളിൽ വ്യവസ്ഥയില്ല.

2. ഈ സാഹചര്യത്തിൽ 10 വർഷം സേവനം പൂർത്തിയാക്കുന്നവർക്ക് തുടർന്നുള്ള വർഷങ്ങളിൽ അഞ്ചുകൊല്ലം കൂടുമ്പോൾ ഓരോ ഹയർ ഗ്രേഡുകൾ വീതം പരമാവധി മൂന്ന് ഹയർ ഗ്രേഡുകൾ അവരുടെ സേവനം 15 വർ ഷം പൂർത്തീകരിക്കുമ്പോഴും, 20 വർഷം പൂർത്തീകരിക്കുമ്പോഴും, 25 വർ ഷം പൂർത്തീകരിക്കുമ്പോഴും നൽകണമെന്ന് അംഗീകൃത തൊഴിലാളി സംഘടനകൾ സമർപ്പിച്ച നിവേദനങ്ങളുടെയും ടി സംഘടനകളുമായി കമ്പനി മാനേജ്മെന്റ് നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടർസ് ശുപാർശ ചെയ്തത് പ്രകാരം ടി മൂന്ന് ഹയർ ഗ്രേഡുകൾ കൂടി കമ്പനിയിലെ വർഷത്തിലധികം സേവനമുള്ള വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് അനുവദിക്കണമെന്ന് കമ്പനിയുടെ മാനേജിങ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്മെൻ വിഭാഗം ജീവനക്കാർക്ക് പരാമർശം (1), (3) സർക്കാർ ഉത്തരവുകൾ പ്രകാരം 5 വർഷം പൂർത്തീകരിക്കുമ്പോഴും , 10 വർഷം പൂർത്തീകരിക്കുമ്പോഴും നൽകിവരുന്ന രണ്ട് ഗ്രേഡുകൾക്കു പുറമേ അവരുടെ സേവനം 15 വർ ഷം പൂർത്തീകരിയ്ക്കുമ്പോൾ **Special Grade.II**, 2 2 വർ ഷം പൂർത്തീകരിക്കുമ്പോൾ **Special Grade.I**, 27 വർഷം പൂർത്തീകരിയ്ക്കുമ്പോൾ **Sr. Special Grade** എന്ന കണക്കിൽ മ ൂന്നു പുതിയ ഹയർ ഗ്രേഡുകൾ കൂടി അനുവദിച്ചുകൊണ്ട് കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയുടെ പരാമർശം (1) ഉം (3)ഉം പ്രകാരമുള്ള പ്രൊമോഷൻ പോളിസി ഭേദഗതി ചെയ്തു സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ , മൃഗസംരക്ഷണ വകുപ്പ് ,തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്, കല്ലേറ്റുംകര, തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (A&E/Audit) തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 10/03/2025 എന്ന തീയതിയിലെ ( 390866/പിയു-ബി2/8/2017-ധന നമ്പർ പ്രകാരം )

പൊതുഭരണ ( SC ) വകുപ്പ് (11/02/2026 ലെ ഇനം 3633 പ്രകാരം )

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Syam R K
Date: 17-02-2026 10:44:38

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 11-02-2026**

ഫയൽ നം. എഫ്2/89/2023/എ.എച്ച്.ഡി.

ഇനം നം: 3633

വിഷയം : മൃഗസംരക്ഷണ വകുപ്പ് - പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക്, മൂന്ന് പുതിയ ഹയർ ഗ്രേഡുകൾ കൂടി നൽകുന്നതിനായി കമ്പനിയുടെ പ്രൊമോഷൻ പോളിസി ഭേദഗതി ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (b) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

US(F)

അഡീഷണൽ ചീഫ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

13/2/26

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : എഫ്2/89/2023/എ.എച്ച്.ഡി |
| 2 | വകുപ്പ് | : മൃഗസംരക്ഷണ (എഫ്) വകുപ്പ് |
| 3 | വിഷയം | : പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക്, മൂന്നു പുതിയ ഹയർ ഗ്രേഡുകൾ കൂടി നല്കുന്നതിനായി കമ്പനിയുടെ പ്രൊമോഷൻ പോളിസി ഭേദഗതി ചെയ്യുന്നത് – സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 11.12.2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : ആണ് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്.ധനകാര്യ വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്.ആസൂത്രണ സാമ്പത്തിക കാര്യ (ബി പി ഇ) വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ. ഷിബു.എ.റ്റി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. മിൻഹജ് അലം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 02.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. എ .ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 03.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീമതി. ജെ. ചിഞ്ചുറാണി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 04.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 05.02.2026 |
| | | : |

15 മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി :

16 തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും :

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മൃഗസംരക്ഷണ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക്, 15 വർഷം പൂർത്തീകരിക്കുമ്പോൾ Special Gr.II , 20 വർഷം പൂർത്തീകരിക്കുമ്പോൾ Special Grade-I, 25 വർഷം പൂർത്തീകരിക്കുമ്പോൾ Sr. Special Gr. എന്ന രീതിയിൽ മൂന്ന് പുതിയ ഹയർ ഗ്രേഡുകൾ കൂടി നല്കുന്നതിനായി കമ്പനിയുടെ പ്രൊമോഷൻ പോളിസി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ പോളിസി സംബന്ധിച്ചുള്ള മാർഗനിർദേശങ്ങൾ 28/02/2006-ലെ സ.ഉ(കൈ)നം: 14/2006/എ.എച്ച്.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക്, 5 വർഷം കൂടുമ്പോഴും , 10 വർഷം കൂടുമ്പോഴും ഓരോ ഗ്രേഡുകൾ നൽകുന്നുണ്ട് . എന്നാൽ 15 വർഷത്തിൽ കൂടുതൽ സർവീസ് ഉള്ള വർക്ക്മെൻ വിഭാഗത്തിലെ ജീവനക്കാർക്ക് മേൽ ഉത്തരവിലെ മാർഗനിർദേശങ്ങൾ പ്രകാരം ഗ്രേഡുകൾ ലഭ്യമാകുന്നില്ല എന്നതിനാൽ തൊഴിലാളി യൂണിയനുകളുടെ നിവേദനങ്ങളുടെയും, യൂണിയനുകളുമായി കമ്പനി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തണമെന്ന് കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനി മാനേജിങ്ങ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) ഈ വിഷയം സർക്കാർ പരിശോധിക്കുകയും , കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ പോളിസി സംബന്ധിച്ച മാർഗനിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 19/10/2021-ലെ സ.ഉ(കൈ)നം:40/2021/എ.എച്ച്.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അപ്രകാരം ഭേദഗതി വരുത്തിയ പ്രൊമോഷൻ പോളിസിയിൽ നിലവിലെ വ്യവസ്ഥകൾ തുടരുവാനും 15 വർഷത്തിൽ കൂടുതൽ സേവനത്തിൽ തുടരുന്നവർക്ക് വാർഷിക ഇൻക്രിമെന്റുകൾക്കു മാത്രമേ അർഹതയുള്ളൂ എന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

[illegible] ടി ഭേദഗതികൾ പുന:പരിശോധിക്കണം എന്ന് വീണ്ടും ആവശ്യപ്പെട്ടുകൊണ്ടുള്ള കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ അഭ്യർത്ഥന ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി നൽകിയപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയുന്ന അഭിപ്രായം നൽകി.

*"കേരള ഫീഡ്സിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ നിലവിലെ പ്രൊമോഷൻ പോളിസി ഭേദഗതി വരുത്തണമെന്ന ആവശ്യം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം (എഫ്2/374/2015/ധ.സം.(E:151620) ഫയലിൽ ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ടി ഫയലിൽ എന്ത് തീരുമാനം കൈകൊണ്ടു എന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതോടൊപ്പം പുതിയ പ്രൊപ്പോസലിലെ പ്രൊമോഷൻ പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അംഗീകൃത തസ്തികകൾ ഓരോന്നും പരിശോധിച്ച് ഓരോന്നിലും വരുത്തിയ മാറ്റവും അതിൻമേലുള്ള ഭരണപരമായ ആവശ്യകതയും ആയതിന്റെ ഫലമായി കമ്പനിക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യതയും പരിശോധിച്ച് ഏത് വിഷയത്തിൽ/ പോയിന്റിൽ ആണ് ധനവകുപ്പ് അഭിപ്രായം രേഖപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കി ഉന്നതതല അനുമതി സഹിതം പ്രൊപ്പോസൽ പുന: സമർപ്പിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.*

4) മേൽ വിഷയം സംബന്ധിച്ച് , കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ കേരള ഫീഡ്സ് ലിമിറ്റഡിലെ വർക്ക്മെൻ വിഭാഗത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ മൂന്നു ഗ്രേഡുകളിലുമുള്ള ആകെ സർവീസ് 15 വർഷം പൂർത്തിയാകുമ്പോൾ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾക്ക് തസ്തികകളിൽ ഒഴിവുകൾ ഇല്ലാതെ വരികയോ അല്ലെങ്കിൽ നിലവിലുള്ള ഉയർന്ന തസ്തികകളിൽ ഒഴിവുകൾ ഇല്ലാത്ത സാഹചര്യം വരികയോ ചെയ്യുന്നതിനാൽ തങ്ങളുടെ സർവീസ് കാലാവധി പൂർത്തീകരിക്കുന്നതിന് മുൻപായി പ്രൊമോഷൻ സാധ്യതകൾ ഇല്ലാതെ വരികയും ചെയ്യുന്നുണ്ട് . കൂടാതെ വർക്കർ വിഭാഗത്തിൽ ജോലിചെയ്യുന്ന ജീവനക്കാർ 15 വർഷത്തെ സർവീസ് പൂർത്തീകരിച്ചാലും തുടർന്നുള്ള സ്ഥാനക്കയറ്റത്തിനായി അവരെ പരിഗണിക്കുവാൻ നിർവാഹമില്ലാത്ത അവസ്ഥയും ഉണ്ടാകും. അതിനാൽ കമ്പനിയിലെ വർക്ക്മെൻ വിഭാഗത്തിലെ പകുതിയോളം ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകൾ ഇല്ലാതാക്കുമെന്നും കമ്പനി അറിയിച്ചിട്ടുണ്ട്.

5) കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ ഒരിക്കൽ കൂടി ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി സമർപ്പിച്ചപ്പോൾ ടി വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"കേരള ഫീഡ്സിലെ വർക്കർ വിഭാഗം ജീവനക്കാരുടെ നിലവിലെ പ്രൊമോഷൻ പോളിസി ഭേദഗതി വരുത്തണമെന്ന ആവശ്യം സംബന്ധിച്ച് എഫ്2/374/2015/മൃ.സം. നമ്പർ ഫയലിൽ 01.10.2021 ന ബഹു:ധനകാര്യ മന്ത്രിയുടെ അംഗീകാരത്തോടെ നൽകിയ അഭിപ്രായത്തിൽ ധനവകുപ്പ് ഉറച്ച നിൽക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു".*

6) എഫ്2/374/2015/മൃ.സം. നമ്പർ ഫയലിൽ 01.10.2021 ന ബഹു:ധനകാര്യ മന്ത്രിയുടെ അംഗീകാരത്തോടെ ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായം ചുവടെ ചേർക്കുന്നു:

*"കേരള ഫീഡ്സിലെ വർക്കർ വിഭാഗം ജീവനക്കാരുടെ നിലവിലെ പ്രൊമോഷൻ പോളിസി ഭേദഗതി വരുത്തണമെന്ന ആവശ്യം 01/10/2020-ലെ എഫ്2/374/2015/മൃ.സം. (e:151620) (Note # 154) ഫയലിൽ നല്കിയിട്ടുള്ളത് പുന: പരിശോധിക്കാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു".*

7) പ്രസ്തുത വിവരം കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറെ അറിയിച്ചിരുന്നു . എന്നാൽ വർക്ക്മെൻ വിഭാഗത്തിൽ ജോലിചെയ്യുന്ന ജീവനക്കാരെ അവർ 15 വർഷത്തെ സർവീസ് പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർന്നുള്ള സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുവാൻ നിർവാഹമില്ലാതെ വരുന്നതിനാൽ, ഇത്തരത്തിൽ 15 വർഷം സർവീസ് പൂർത്തീകരിക്കുന്നവരും തുടർന്ന് യാതൊരു വിധത്തിലുള്ള സ്ഥാനക്കയറ്റത്തിനും സാധ്യതയില്ലാത്തവരുമായ ജീവനക്കാരിൽ നിന്നും അർഹതപ്പെട്ടവർക്ക് തുടർന്നുള്ള മൂന്നു ഗ്രേഡുകൾ കൂടി നൽകുന്നതിനു വേണ്ടിയാണ് കമ്പനി ടി ഭേദഗതി നിർദ്ദേശം സമർപ്പിച്ചിരിക്കുന്നത് എന്നറിയിച്ചിരുന്നു .

8) പ്രസ്തുത വിഷയത്തിൽ ബഹു.മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ ഉത്തരവിൻ പ്രകാരം കമ്പനിക്ക് അധിക സാമ്പത്തിക ബാധ്യത വരുമെങ്കിൽ അത് എത്രയാണെന്നു തിട്ടപ്പെടുത്തിയും, ഇതു മൂലം വർക്ക്മെൻ കാറ്റഗറിയിലെ ഓരോ വിഭാഗം ജീവനക്കാരനും ഉണ്ടാകുന്ന സാമ്പത്തിക നേട്ടവും വിശദീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ കമ്പനിയോട് ആവശ്യപ്പെട്ടിരുന്നു.

[illegible] സമർപ്പിച്ച പ്രൊപോസൽ പ്രകാരം, വർക്ക്മെൻ വിഭാഗത്തിന് 15 വർഷത്തിന് ശേഷം സ്ഥാനക്കയറ്റം നൽകുന്നതുമൂലമുണ്ടാകുന്ന പ്രതിമാസ മൊത്ത അധിക സാമ്പത്തിക ബാധ്യത 2,00,000/- രൂപയും (രണ്ട് ലക്ഷം രൂപ മാത്രം) വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് ഓരോരുത്തർക്കും ലഭിക്കുന്ന പ്രതിമാസ ശരാശരി ശമ്പള വർദ്ധനവ് ഏകദേശം 2000/-(രണ്ടായിരം) രൂപയാണെന്നും കമ്പനി മാനേജിങ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

9) അപ്രകാരം ഇക്കാര്യത്തിൽ ഒരിക്കൽ കൂടി ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൻ പ്രകാരം ധനകാര്യ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"കേരള ഫീഡ്സിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ നിലവിലെ പ്രൊമോഷൻ പോളിസി ഭേദഗതി വരുത്തണമെന്ന ആവശ്യം അംഗീകരിക്കാനാവില്ലായെന്നും *സ.ഉ(പി)27/2021/ധന നമ്പർ ഉത്തരവിലെ Annexure VI- പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് ബാധകമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ് എന്നും* ഭരണവകുപ്പിനെ അറിയിക്കുന്നു."

10) അപ്രകാരം സ.ഉ(പി).27/2021/ധന നമ്പർ ഉത്തരവിലെ Annexure VI പരിശോധിച്ചതിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ 8, 15, 22, 27 വർഷം കൂടുമ്പോഴാണ് അനുവദിക്കേണ്ടത്. എന്നാൽ നിലവിൽ കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് 28.02.2006 ലെ G.O(Ms).14/06/AD പ്രകാരം ഓരോ 5 വർഷം കൂടുമ്പോഴും ഹയർ ഗ്രേഡുകൾ നല്കി വരുന്നു.

11) മേൽ വിഷയത്തിൽ തുടർ ഉത്തരവുകൾക്കായി ഫയൽ ചംക്രമണം ചെയ്തപ്പോൾ കേരള ഫീഡ്സ് എം. ഡി ശുപാർശ ചെയ്ത ഗ്രേഡ് തസ്തികകളിൽ ഓരോ കാറ്റഗറിയും അവയുടെ പ്രൊമോഷൻ ഗ്രേഡ് തസ്തികയും വ്യക്തമാക്കി ഫയൽ സമർപ്പിക്കുവാൻ ബഹു. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ഉത്തരവായി.

12) കേരള ഫീഡ്സ് ലിമിറ്റഡിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് സ.ഉ(കൈ)നം:14/2006/എ.എച്ച്ഡി നമ്പർ ഉത്തരവു പ്രകാരം Grade II തസ്തികയിൽ 5 വർഷം പൂർത്തീകരിക്കുമ്പോഴും 10 വർഷം പൂർത്തീകരിക്കുമ്പോഴും യഥാക്രമം Grade I, Senior Grade, എന്ന രീതിയിൽ 2 ഗ്രേഡ് പ്രമോഷനുകൾ നല്കുന്നു. എന്നാൽ 15 വർഷം പൂർത്തിയായ ശേഷം ജീവനക്കാർക്ക് തുടർന്നുള്ള ഗ്രേഡ് നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല. ഓരോ ജീവനക്കാരനും സർവ്വീസിൽ 5, 10 വർഷ ഗ്രേഡുകൾക്ക് പുറമേ 15 വർഷം പൂർത്തീകരിക്കുമ്പോൾ Special Gr.II , 20 വർഷം പൂർത്തീകരിക്കുമ്പോൾ Special Grade-I, 25 വർഷം പൂർത്തീകരിയ്ക്കുമ്പോൾ Sr. Special Gr. എന്ന രീതിയിൽ വർക്ക്മെൻ വിഭാഗത്തിലെ ഓരോ തസ്തികയിലും മേൽപ്പറഞ്ഞ രീതിയിൽ മൂന്നു പുതിയ ഗ്രേഡുകൾ കൂടി ഉൾപ്പെടുത്തി കമ്പനിയുടെ പ്രമോഷൻ പോളിസി ഭേദഗതി ചെയ്യണമെന്നാണ് കമ്പനിയും യൂണിയൻ പ്രതിനിധികളും ആവശ്യപ്പെട്ടിരിക്കുന്നത്. ടി പുതിയ 3 ഗ്രേഡുകൾക്ക് പുതിയതായി 3 ശമ്പള സ്കെയിലുകളും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഗ്രേഡ് പ്രൊമോഷൻ നൽകുമ്പോൾ പ്രത്യേകം തസ്തിക സൃഷ്ടിയ്ക്കേണ്ട ആവശ്യം വരുന്നില്ല. നിലവിലുള്ള തസ്തികകൾ 6 ട്രേഡുകളിലായി ആവശ്യാനുസരണം വിന്യസിക്കുന്ന രീതിയിലാണ് അനുബന്ധം I പ്രകാരമുള്ള പുതുക്കിയ പ്രൊപോസൽ കമ്പനി സമർപ്പിച്ചിരിയ്ക്കുന്നത്.

13) തുടർന്ന്, കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗത്തിൽപ്പെട്ട ഓരാ തസ്തികയിലേയും ഓരോ ജീവനക്കാരനും സർവ്വീസിൽ 15 വർഷം പൂർത്തീകരിക്കുമ്പോഴും, 20 വർഷം പൂർത്തീകരിയ്ക്കുമ്പോഴും, 25 വർഷം പൂർത്തീകരിയ്ക്കുമ്പോഴും മുൻ പട്ടികയിൽ വിവരിച്ചിരിക്കും പ്രകാരം മൂന്നു ഗ്രേഡുകൾ കൂടി ഉൾപ്പെടുത്തി കമ്പനിയുടെ പ്രമോഷൻ പോളിസി ഭേദഗതി ചെയ്യാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തതിൽ തുടർന്ന് കേരള ഫീഡ്സ് ലിമിറ്റഡിന്റെ 2024-2025-ലെ വരവ് , ചെലവ്, ലാഭ-നഷ്ട കണക്ക സഹിതം സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

14) ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കമ്പനിയുടെ 2024-25 വർഷത്തെ റവന്യൂ വരവ് 456.64 കോടിയും, ചെലവ് 472.23 കോടി രൂപയും, നഷ്ടം 16.5874 കോടി രൂപയുമാണ്.

15) ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം ലഭ്യമാക്കിയ കേരള ഫീഡ്സ് ലിമിറ്റഡിന്റെ 2024-2025-ലെ വരവ് ചെലവ് കണക്ക സഹിതം കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർ 10 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ 5 വർഷം കൂടുമ്പോഴും പുതുതായി 3 ഹയർ ഗ്രേഡുകൾ കൂടി നൽകാവുന്നതാണെന്ന കേരള ഫീഡ്സ് മാനേജിംഗ് ഡയറക്ടറുടെ ശുപാർശ ധനകാര്യ വകുപ്പിന്റെ എതിർപ്പ് മറികടന്നുകൊണ്ട് നല്കാമോ എന്ന തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്ന ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചതിൽ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

16) അപ്രകാരം മന്ത്രിസഭായോഗത്തിനു മുൻപാകെ സമർപ്പിക്കുന്നതിനായുള്ള കരട് കുറിപ്പുകൾ സമർപ്പിച്ചതിൽ ചീഫ് സെക്രട്ടറി താഴെപ്പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

*"പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ Uniformity ഉണ്ടാകുന്നതാണ് ഉചിതം. അതിനാൽ, കേരള ഫീഡ്സ് ലിമിറ്റഡിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ പോളിസി ഭേദഗതി ചെയ്യുന്ന വിഷയത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി പി ഇ) വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി അതുകൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കുക."*

17) ബഹു: ചീഫ് സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ പോളിസി ഭേദഗതി ചെയ്യുന്ന വിഷയത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി പി ഇ) വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളതാണ് . പ്രസ്തുത വകുപ്പിന്റെ റിമാർക്സ് ചുവടെ കണ്ടാലും:

*"വർക്കർ വിഭാഗം ജീവനക്കാർക്ക് സർവീസിൽ ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഗ്രേഡ് , പ്രൊമോഷൻ അനുവദിക്കുന്ന രീതി മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. കേരള ഫീഡ്സ് ലിമിറ്റഡ് കഴിഞ്ഞ രണ്ടുവർഷവും നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് എന്നിരിക്കെ നിലവിലെ പ്രൊമോഷൻ പോളിസിയിൽ ഭേദഗതി വരുത്തേണ്ടതില്ല എന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായത്തോട് ഈ വകുപ്പ് യോജിക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു."*

18) ബഹു:ചീഫ് സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ ടി അഭിപ്രായം കൂടി ഉൾപ്പെടുത്തി കേരള ഫീഡ്സ് ലിമിറ്റഡിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ പോളിസി ഭേദഗതി വരുത്തുന്ന കാര്യത്തിൽ

[illegible] തീരുമാനത്തിനായി ബഹു: മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം കുറിപ്പുകൾ പുന:സമർപ്പിച്ചപ്പോൾ സമർപ്പിച്ചതിൽ ചീഫ് സെക്രട്ടറി താഴെപ്പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

*"ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതുപോലെ സമയബന്ധിത ഹയർ ഗ്രേഡുകൾ നൽകുന്നതു കൂടി തീരുമാനമെടുക്കേണ്ട വിഷയത്തിൽ ഉൾപ്പെടുത്തി കുറിപ്പ് ഭേദഗതി വരുത്തി ഇന്നു തന്നെ സമർപ്പിക്കുക."*

19) ധനകാര്യ വകുപ്പിന്റെ പ്രസ്തുത അഭിപ്രായം ചുവടെ ചേർക്കുന്നു:

"കേരള ഫീഡ്സിലെ വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ നിലവിലെ പ്രൊമോഷൻ പോളിസി ഭേദഗതി വരുത്തണമെന്ന ആവശ്യം അംഗീകരിക്കാനാവില്ലായെന്നും *സ.ഉ(പി)27/2021/ധന നമ്പർ ഉത്തരവിലെ Annexure VI-പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് ബാധകമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ് എന്നും* ഭരണവകുപ്പിനെ അറിയിക്കുന്നു."

20) കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ നിലവിലെ വ്യവസ്ഥ പ്രകാരം വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് 2 തവണ( 5 വർഷം പൂർത്തീകരിക്കുമ്പോഴും 10 വർഷം പൂർത്തീകരിക്കുമ്പോഴും**)** ഹയർ ഗ്രേഡുകൾ നൽകുക എന്നാണ്.ഈ വ്യവസ്ഥ നിശ്ചയിച്ചത് 2006 ൽ സ.ഉ(കൈ)നം:14/2006/എ.എച്ച്.ഡി നമ്പർ ഉത്തരവ് പ്രകാരമാണ്. 2006 മുതലുള്ള ടി വ്യവസ്ഥയോടൊപ്പം 3 ഗ്രേഡുകൾ കൂടി അധികമായി 15,20,25 വർഷം കൂടുമ്പോൾ നല്കണമെന്നുള്ള വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ അപേക്ഷയാണ് മാനേജിങ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് നൽകിയിരിക്കുന്നത് .

21) ധനകാര്യ വകുപ്പ് സൂചിപ്പിച്ചിരിക്കുന്ന സ.ഉ(പി)27/2021/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് 8, 15, 22, 27 വർഷം കൂടുമ്പോൾ **4** ഹയർ ഗ്രേഡുകൾ നൽകി വരുന്നു. ധനകാര്യ വകുപ്പ് അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ,

കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് 2006 മുതലുള്ള വ്യവസ്ഥ പ്രകാരം 5,10 വർഷം കൂടുമ്പോൾ നൽകുന്ന ഗ്രേഡുകൾക്കു ശേഷം അടുത്ത ഹയർ ഗ്രേഡുകൾ 15 വർഷം പൂർത്തീകരിക്കുമ്പോഴും, 22 വർഷം പൂർത്തീകരിക്കുമ്പോഴും, 27 വർഷം പൂർത്തീകരിക്കുമ്പോഴും നൽകുന്നതിനായി തീരുമാനമെടുക്കാവുന്നതാണ് .

22) അപ്രകാരം താഴെപറയുന്ന കാര്യത്തിൽ തീരുമാനത്തിനായി മന്ത്രിസഭാ മുൻപാകെ സമർപ്പിക്കുന്നതിനായുള്ള കുറിപ്പുകൾ ബഹു: മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം സമർപ്പിക്കുന്നു.

## തീരുമാനിക്കേണ്ട വിഷയം

a) മൃഗസംരക്ഷണ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക്, ധനകാര്യ വകുപ്പിന്റേയും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റേയും അഭിപ്രായം മറികടന്ന് കൊണ്ട് 15 വർഷം പൂർത്തീകരിക്കുമ്പോൾ Special Gr.II , 20 വർഷം പൂർത്തീകരിക്കുമ്പോൾ Special Grade-I, 25 വർഷം പൂർത്തീകരിക്കുമ്പോൾ Sr. Special Gr. എന്ന രീതിയിൽ മൂന്നു പുതിയ ഹയർ ഗ്രേഡുകൾ കൂടി നല്കുന്നതിനായി കമ്പനിയുടെ പ്രൊമോഷൻ പോളിസി ഭേദഗതി ചെയ്യാമോ ?

## അല്ലെങ്കിൽ

b) മൃഗസംരക്ഷണ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയിലെ വർക്ക്മെൻ വിഭാഗം ജീവനക്കാർക്ക് 2006 മുതൽ ബാധകമാക്കിയിട്ടുള്ള വ്യവസ്ഥ പ്രകാരം 5, 10 വർഷം കൂടുമ്പോൾ നൽകുന്ന ഗ്രേഡുകൾക്കു ശേഷം, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാർക്ക് സ.ഉ(പി)27/2021/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 8, 15, 22,

27 വർഷം കൂടുമ്പോൾ നൽകുന്ന സമയബന്ധിത ഹയർ ഗ്രേഡുകൾ അടിസ്ഥാനമാക്കി അടുത്ത ഹയർ ഗ്രേഡുകൾ 15 വർഷം പൂർത്തീകരിക്കുമ്പോഴും, 22 വർഷം പൂർത്തീകരിക്കുമ്പോഴും, 27 വർഷം പൂർത്തീകരിക്കുമ്പോഴും നൽകാമോ **?**

Annexure I

| Sl. No | Category of Posts | Name of Posts and Scales of pay | | | | | | Remarks |
|---|---|---|---|---|---|---|---|---|
| | | Existing Grade Posts | | | Proposed Grade Posts | | | |
| 1 | Worker/ Office Attendant / Lab Attendant | Grade II (16,500 -25,200 ) | Grade I (5 yrs) (19,000-33,100 ) | Senior Grade (10 yrs) (20,000 – 40,500) | Special Grade II (15 yrs) (22,800-44,700) | Special Grade I (20 yrs) (25,200 – 48,000) | Senior Special Grade (25 yrs) (26,500 – 49,200) | The total sanctioned posts in Worker Category will be re designated after the stage of Senior Worker as Production Assistant Grade II/ Pellet Mill Assistant Grade II/Batching Assistant Grade II/Maintenance Assistant Grade II/Workshop Assistant Grade II/ Store Assistant Grade II /Office Attendant Special Grade II/ Lab Attendant Special Grade II |
| 2 | Godown Assistant /Laboratory | Grade II | Grade I | Senior Grade | Special Grade II | Special Grade I | Senior Special Grade | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | Attender/ Attender/ Sampler / Cook-cum-Care Taker | (18,000-27800) | (19,500-33,900) | (21,100-42,500) | (24,000-48,000) | (25,200 - 49,200) | (26,500 - 50,400) | |
| 3 | Store Keeper | Grade II (8,000-27800) | Grade I (19,500-33,900) | Senior Grade (21,100-42,500) | Supervisor Grade II (24,000-48,000) | Supervisor Grade I (25,200 - 49,200) | Senior Supervisor (26,500 - 50,400) | |
| 4 | Driver | Grade II (18,500-29,900) | Grade I (22,200-43,600) | Senior Driver (23,400 - 48,000) | Special Grade II (25,200-49,200) | Special Grade I. (26,500 - 50,400) | Senior Special Grade (27,800 - 55,350) | |
| 5 | Technician / Operator Boiler Operator | Grade II (18,500-29,900) | Grade I (22,200-43,60) | Senior Grade (23,400 - 48,000) | Special Grade II (25,200-49,200) | Special Grade I (26,500 - 50,400) | Senior Special Grade (27,800 - 55,350) | Employees in Senior Technician / Operator/ Boiler Operator Post with 5years experience will be considered for promotion to next higher grade only in the absence of vacant posts in |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | Junior Officer (P&M)Category |
| 6 | Laboratory Assistant | Grade II (18,500–29,900) | Grade I (22,200–43,60) | Senior Grade (23,400 – 48,000) | Special Grade II (25,200–49,200) | Special Grade I (26,500 – 50,400) | Senior Special Grade (27,800 – 55,350) | Employees in Senior Laboratory Assistant Post with 5years experience will be considered for promotion to next higher grade only in the absence of vacant posts in Junior Officer (QC ) Category |
| 7 | Junior Assistant | Junior Assistant (20,550 – 44,700) | Assistant (26,500 – 49,200) | Senior Assistant (28,500– 52,800 ) | Assistant Special Grade II (29,200 – 54,000) | Assistant Special Grade I (29,200– 54,000 ) | Senior Special Grade (29,900 – 59,400) | Employees in Senior Assistant Post with 5years experience will be considered for promotion to next higher grade only in the absence of vacant posts in Junior Officer (P&A/Marketing /F&A/Purchase &Materials ) Category |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 8 | Time Keeper/ Receptionist/Inventory Controller / Technical Assistant | Grade II (20,550 – 44,700) | Grade I (26,500 – 49,200) | Senior Grade (27,800 – 50,400) | Special Grade II (28,500 – 52,800) | Special Grade I (29,200– 54,000) | Senior Special Grade (29,900 – 59,400) | |
| 9 | Stenographer | Grade II (22,800– 44,700) | Grade I (27,800– 50,400) | Senior Grade (29,200 – 54,000) | Special Grade | | | Employees in Senior Stenographer Post with 5years experience will be considered for promotion to next higher grade only in the absence of vacant posts in Junior Officer(P&A/Marketing/F&A/Purchase &Materials/MD's Office)Category |